**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** **09-02-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പ് വർഷത്തെ പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. നിർവഹണം പുരോഗമിക്കുകയാണ്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള വികസന ഫണ്ട് തുകയായ 472827.44 ലക്ഷം രൂപയിൽ 42.47% തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ബ്ലോക്ക് പഞ്ചായത്തുകൾ 41.6% പദ്ധതിവിഹിതം ചെലവഴിച്ചിട്ടുണ്ട്.2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ നാളിതുവരെയുള്ള പദ്ധതി വിനിയോഗം 37.23%മാണ് കോർപ്പറേഷനുകളുടെ പദ്ധതി വിനിയോഗം 30.08% മാണ്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇത് നടപ്പിലാക്കാൻ ആവശ്യമായ ഫണ്ട് സർക്കാർ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | പ്രാദേശിക സാമ്പത്തിക വികസനം, അതിദാരിദ്ര്യ നിർമ്മാർജ്ജനം, സാമൂഹ്യനീതി ഉറപ്പാക്കൽ, അതിജീവനക്ഷമത കൈവരിക്കൽ, സമ്പൂർണ്ണ ശുചിത്വയജ്ഞം എന്നീ പദ്ധതികൾ കൂടാതെ മൊബൈൽ വെറ്റിനറി ക്ലിനിക്, എ.ബി.സി. പ്രോജക്ട്, വാട്ടർ കിയോസ്കുകൾ രൂപീകരിക്കൽ, ഐ.ടി. ഹബ്ബ്, ഐ.റ്റി. പാർക്ക്, വർക്ക് നിയർ ഹോം സെന്ററുകൾ, ജീവിത ശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ജീവതാളം പദ്ധതി മുതലായവ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>2023-24 വർഷത്തേക്ക് വികസന പ്രവർത്തനങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഫണ്ടുകളുടെ അപര്യാപ്തത മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു തരത്തിലുള്ള നിർമ്മാണ | (സി) | ഫണ്ടുകളുടെ അപര്യാപ്തത മൂലം നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുവാൻ കഴിയാത്ത സ്ഥിതി വിശേഷം സംജാതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | കഴിയാത്ത സ്ഥിതിവിശേഷം നിലവിലില്ല. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർക്കുള്ള കുടിശിക തീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രവൃത്തി പൂർത്തീകരിച്ച് ബില്ല് ലഭ്യമാക്കുന്ന മുറയ്ക്ക് കരാറുകാർക്ക് തുക മാറി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*169** 09.02.2023-ൽ മറുപടിയ്ക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം. ബി. രാജേഷ്**<br>**(ബഹു. തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പ് വർഷത്തെ പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. നിർവഹണം പുരോഗമിക്കുകയാണ്.<br><br>സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള വികസന ഫണ്ട് തുകയായ 472827.44 ലക്ഷം രൂപയിൽ 42.47% തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ബ്ലോക്ക് പഞ്ചായത്തുകൾ 41.6% പദ്ധതിവിഹിതം ചെലവഴിച്ചിട്ടുണ്ട്.<br><br>2 0 2 2 - 2 3 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ നാളിതുവരെയുള്ള പദ്ധതി വിനിയോഗം 37.23%മാണ്. കോർപ്പറേഷനുകളുടെ പദ്ധതി വിനിയോഗം 30.08%മാണ്. |
| ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇത് നടപ്പിലാക്കാൻ ആവശ്യമായ ഫണ്ട് സർക്കാർ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; | ബി) | പ്രാദേശിക സാമ്പത്തിക വികസനം, അതിദാരിദ്ര്യ നിർമ്മാർജ്ജനം , സാമൂഹ്യനീതി ഉറപ്പാക്കൽ, അതിജീവനക്ഷമത കൈവരിക്കൽ സമ്പൂർണ്ണ ശുചിത്വയജ്ഞം എന്നീ പദ്ധതികൾ കൂടാതെ മൊബൈൽ വെറ്റിനറി ക്ളിനിക്,എ.ബി.സി.പ്രോജക്ട് , വാട്ടർ കിയോസ്കുകൾ രൂപീകരിക്കൽ ,ഐ ടി ഹബ്എെ.ടി. പർക്ക്(വർക്ക് നീയർ ഹോം സെന്ററുകൾ ,ജീവിത |

| | | | |
|---|---|---|---|
| | | | ശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ജീവതാളം പദ്ധതി മുതലായവ ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>2023-24 വർഷത്തേക്ക് വികസന പ്രവർത്തനങ്ങൾക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| സി) | ഫണ്ടുകളുടെ അപര്യാപ്തത മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുവാൻ കഴിയാത്ത സ്ഥിതി വിശേഷം സംജാതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | സി) | ഫണ്ടുകളുടെ അപര്യാപ്തത മൂലം നിർമാണ പ്രവത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതി വിശേഷം നിലവിലില്ല. |
| ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർക്കുള്ള കുടിശിക തീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | പ്രവൃത്തി പൂർത്തീകരിച്ച് ബില്ല് ലഭ്യമാക്കുന്ന മുറയ്ക്ക് കരാറുകാർക്ക് തുക മാറി നൽകുന്നുണ്ട്. |

M B RAJESH

MINISTER

## വിശദീകരണ കുറിപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ് 2022-23 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (ഗ്രാമ, ജില്ലാ പഞ്ചായത്തുകൾ) അനുവദിച്ചിട്ടുള്ള വികസന ഫണ്ട് തുകയിൽ 42.47% ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ബ്ലോക്ക് പഞ്ചായത്തുകൾ 41.6% പദ്ധതിവിഹിതം ചെലവഴിച്ചിട്ടുണ്ട്. അടുത്ത വർഷത്തേക്കുള്ള പദ്ധതി രൂപീകരണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഫണ്ടുകളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വികസന ഫണ്ടിന്റെ അവസാന ഗഡു കൂടി ലഭിക്കാനുണ്ട്. വളരെ ചുരുക്കം ഗ്രാമപഞ്ചായത്തുകളിൽ മെയിന്റനൻസ് ഗ്രാന്റ് അപാകത പരിഹരിക്കുന്നതിനായി താല്ക്കാലികമായി മരവിപ്പിച്ചതിനാൽ ബിൽ തുക അനുവദിക്കുന്നതിന് ടി പഞ്ചായത്തുകളിൽ മാത്രം കാലതാമസം നേരിടുന്നുണ്ട്. അപാകത പരിഹരിക്കുന്ന മുറയ്ക്ക് പ്രസ്തുത തദ്ദേശ സ്ഥാപനങ്ങളുടെ തുക അനുവദിക്കാൻ കഴിയുന്നതാണ്. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരിച്ച് ബില്ല് ലഭ്യമാക്കുന്ന മുറയ്ക്ക് തുക മാറി നൽകുന്നുണ്ട്.

2022-23 സാമ്പത്തിക വർഷം ഗ്രാമ,ജില്ലാ പഞ്ചായത്തുകളിൽ അനുവദിച്ചിട്ടുള്ള വികസന ഫണ്ടിലെ ചെലവ് തദ്ദേശ സ്ഥാപനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| തദ്ദേശ സ്ഥാപനം | വികസന ഫണ്ട് (സാധാരണ വിഹിതം) | | വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) | | വികസന ഫണ്ട് (പട്ടിക വർഗ്ഗ ഉപപദ്ധതി) | | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | ബജറ്റ് വിഹിതം | ചെലവ് ശതമാനം | ബജറ്റ് വിഹിതം | ചെലവ് ശതമാനം | ബജറ്റ് വിഹിതം | ചെലവ് ശതമാനം | ബജറ്റ് വിഹിതം | ശതമാനം | ബജറ്റ് വിഹിതം | ചെലവ് ശതമാനം |
| ഗ്രാമ പഞ്ചായത്ത് | 216389.96 | 48.58 | 87220.00 | 43.07 | 66997.93 | 50.00 | 11120.72 | 34.14 | 381728.61 | 44.62 |
| ജില്ലാ പഞ്ചായത്ത് | 46369.27 | 32.89 | 22332.65 | 30.27 | 3706.91 | 43.57 | 18690.00 | 27.32 | 91098.13 | 31.53 |

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ 2022-23 സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള പദ്ധതി വിനിയോഗം 37.23% മാണ്. കോർപ്പറേഷനുകളുടെ പദ്ധതി വിനിയോഗം 30.08% ഉം ആണ്. ജനറൽ വിഭാഗത്തിൽ നാളിതുവരെയുള്ള കോർപ്പറേഷനുകളുടെ പദ്ധതി വിനിയോഗം 36.98% വും മുനിസിപ്പാലിറ്റികളുടെ പദ്ധതി വിനിയോഗം 48.53% വുമാണ്.

SCP വിഭാഗത്തിൽ കോർപ്പറേഷനുകളുടെ പദ്ധതി വിനിയോഗം 24.95% മുനിസിപ്പാലിറ്റികളുടെ പദ്ധതി വിനിയോഗം 31.94% വുമാണ്.

TSP വിനിയോഗത്തിൽ കോർപ്പറേഷനുകളുടെ പദ്ധതി വിനിയോഗം 3.52% വും മുനിസിപ്പാലിറ്റികളുടെ പദ്ധതി വിനിയോഗം 28.21% വുമാണ്.

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ കോർപ്പറേഷനുകളുടെ പദ്ധതി വിനിയോഗം 15.72% വും മുനിസിപ്പാലിറ്റികളുടെ പദ്ധതി വിനിയോഗം 26.44% വുമാണ്.

സംസ്ഥാനത്തെ നഗരസഭകളിൽ 2023-24 സാമ്പത്തിക വർഷത്തിലേക്കുള്ള പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. അതിദാരിദ്ര്യ നിർമ്മാർജ്ജനം ഉപപദ്ധതി, പ്രാദേശിക സാമ്പത്തിക വികസനം തുടങ്ങിയ പദ്ധതികൾക്കും നഗരസഭകൾക്ക് സർക്കാറിൽ നിന്നും ലഭ്യമാകുന്ന വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടുള്ളതാണ്.

പദ്ധതി വിനിയോഗത്തിൽ മുന്നിൽ നിൽക്കുന്നത് **തൃശ്ശൂർ കോർപ്പറേഷനും പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയുമാണ്.**

പതിനാലാം പഞ്ച വത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളായ പ്രാദേശിക സാമ്പത്തിക വികസനം, അതിദാരിദ്ര്യ നിർമ്മാർജ്ജനം , സാമൂഹ്യനീതി ഉറപ്പാക്കൽ, അതിജീവനക്ഷമത കൈവരിക്കൽ തുടങ്ങിയവയെ അടിസ്ഥാനമാക്കി ഓരോ തദ്ദേശഭരണ സ്ഥാപനവും പ്രാദേശിക ആവശ്യങ്ങൾ കൂടി പരിഗണിച്ച് കൊണ്ട് വാർഷിക പദ്ധതിക്ക് രൂപം നൽകുന്നു.